കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊൻമള ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.16/2611/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.29-11-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പൊൻമള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊൻമള ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസി. ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

എം.എ.11/18

കെ.എസ്.എ.എം.പി.എം.16/2611/2018 തിയ്യതി:29-11-2018

<u>മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2017 മുതൽ 22.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ.എ.എസ് , ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം :22.10.2018 മുതൽ 01.11.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ യൂസുഫ് പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ മൊയ്തീൻ കെ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ബീന എൻ പി, (സെക്രട്ടറിയുടെ ചുമതല) | 01.04.2017 മുതൽ 11.04.2017 വരെ |
| ശ്രീ. കെ പി യഹ്യ | 12.04.2017 മുതൽ 28.04.2017 വരെ |
| ശ്രീമതി.ബീന എൻ പി, (സെക്രട്ടറിയുടെ ചുമതല) | 29.04.2017 മുതൽ 11.07.2017വരെ |
| ശ്രീ.മുഹമ്മദ് ഷൗക്കത്ത് ടി | 12.07.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബീന എൻ പി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. നവ്യ എ പി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിനി എം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.നിഗാർ കാസിം | 01.04.2017 മുതൽ 12.07.2017 വരെ |
| | ഡോ.ജ്യോതി ആന്റണി | 13.07.2017 മുതൽ 11.10.2017 വരെ |
| | ഡോ.നിഗാർ കാസിം | 12.10.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സുരേഷ് കുമാർ പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു എം കെ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. അബ്ദു സലാം ആലങ്ങോടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീമതി മീനാക്ഷി ടി | 01.04.2017 മുതൽ 20.07.2017 വരെ |
| | ശ്രീ. കെ ടി സുരേന്ദ്രൻ | 21.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വന്ദന | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നവാസ് പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി റുമീന കെ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഡി ആന്റ് ഒ ലൈസൻസ് - പൊതു അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി - പൊതു അപാകതകൾ | 2-2 |
| 15 | നികുതി നിർണ്ണയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടമുണ്ടാവണം | 2-3 |
| 16 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല. | 2-4 |
| ഭാഗം III<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | കുഴൽ കിണർ നിർമ്മാണത്തിനായി തുക നിക്ഷേപിച്ചത് | 3-1 |
| 18 | വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ മേൽനോട്ടം ശക്തിപ്പെടുത്തേണ്ടതാണ്. | 3-2 |

| | | |
|---|---|---|
| 19 | മരുന്ന് മുഴുവൻ ലഭ്യമായില്ല .ചെലവു തുക തടസ്സം ചെയ്യുന്നു. | 3-3 |
| 20 | ലോഗ്ബുക്ക് പരിശോധന-അപാകതകൾ | 3-4 |
| 21 | സേവനപുസ്തകം പരിശോധന | 3-5 |
| 22 | പെൻഷൻ അംശദാനം അടവാക്കിയില്ല. | 3-6 |
| 23 | ആദായ നികുതി- ഇളവ് നേടുന്നതിലെ അപാകതകൾ | 3-7 |
| 24 | പഞ്ചായത്ത് ആസ്തികൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് | 3-8 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല | 3-9 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 27 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 36 | ഓഡിറ്റ് സാക്ഷ്യ പത്രം | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 30.03.2017 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 28.02.2018 ലെ 30ാം നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിക്കുകയുംചെയ്തു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ | കെ.എസ്.എ.എം.പി.എം.16/1276/2018 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,72,56,378 |
| വരവ് | 6,50,30,296 |
| ആകെ | 8,22,86,674 |
| ചെലവ് | 7,07,17,369 |
| നീക്കിയിരുപ്പ് | 1,15,69,305 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 1,43,31,000 | 1,43,31,000 | 1,28,86,052 | 14,44,948 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 28,45,261 | 28,45,261 | 25,26,602 | 3,18,659 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി | | അലോട്ട്മെന്റ് ഇല്ല | | | | |
| സംരക്ഷണ ഗ്രാന്റ് – റോഡ്(ACR പ്രകാരം) | | 0 | 1,44,86,000 | 1,44,86,000 | 1,39,68,735 | 5,17,265 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 32,25000 | 32,25,000 | 31,82,726 | 42,274 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 67,31,297 | 67,31,297 | 66,98,514 | 32,783 |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | 0 | 4,058 | 4,058 | 2,450 | 1,608 |
| | സംസ്ഥാന വിഹിതം | 0 | 2,26,387 | 2,26,387 | 1,53,296 | 73,091 |
| സാക്ഷരത | | 56,580 | 2,77,601 | 3,34,181 | 2,67,000 | 67,181 |
| ദുരിതാശ്വാസ നിധി | | രൂപീകരിച്ചിട്ടില്ല | | | | |
| എൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 62,37,562 | 62,37,562 | 62,37,562 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,926 | 4,77,826 | 4,80,752 | 4,77,064 | 3,688 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | Total Sanitation Campaign (TSC) | 7,61,751 | 1,53,052 | 9,14,803 | 1,23,380 | 7,91,423 |
| | Sarva Siksha Abhiyan (SSA) | 23,430 | 872 | 24,302 | 0 | 24,302 |
| | OAP | 3,27,536 | 9,71,804 | 12,99,340 | 4,43,011 | 8,56,329 |

| | | | | | | |
|---|---|---|---|---|---|---|
| കുടുംബശ്രീ | | 6,541 | 383 | 6,924 | 0 | 6,924 |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് | | 0 | 14,64,250 | 14,64,250 | 14,64,250 | 0 |
| ബി. ഫണ്ട് | | 0 | 3,83,27,640 | 3,83,27,640 | 3,83,27,640 | 0 |
| ട്രഷറി ടി എസ് ബി (ജനറൽ പർപ്പസ് ) | | 86,01,377 | 1,06,00,901 | 1,92,02,278 | 2,00,41,686 | -839408 |
| തനത് ഫണ്ട് | | 74,47,050 | 1,06,80,198 | 1,81,27,248 | 68,50,638 | 1,12,76,610 |
| E-payment (State Bank) | | 256 | 40,584 | 40,840 | 0 | 40,840 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 7,19,62,063 | 204 | 4,76,38,011 | 06 | 71 | 72.5 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2926 | 4,77,826 | 4,80,752 | 4,77,064 | 3,688 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62,37,562 | 62,37,562 | 62,37,562 | 0 |
| ആകെ | 2926 | 67,15,388 | 67,18,314 | 67,14,626 | 3,688 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം Unemployment Allowance Scheme | 20,640 | 34 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 16,02,400 | 98 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 1,38,39,700 | 592 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 1,82,97,300 | 781 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 40,13,100 | 165 |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 210,000 | 7 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ<br>Pension for Unmarried women aged above 50 | 2,55,500 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6535/ രൂപയുടെ നീക്കിയിരിപ്പ് പരിശോധിച്ച് ഉറപ്പുവരുത്തി.

## 1-10 ആഭ്യന്തരനിയന്ത്രണം

1)ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധിച്ചതിൽ ജോലി വിഭജനം കൃത്യമായി നടത്തുകയും ജോലിവിഭജനത്തിൽ സമയാസമയങ്ങളിൽ ആവശ്യാനുസരണം മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്.

2)ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. സേവനപുസ്തകത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.ഒരു ജീവനക്കാരി ഒഴികെയുള്ള എല്ലാ ജീവനക്കാരുടെയും ശമ്പള പരിഷ്കരണം കേരള സംസ്ഥാന വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്.

3)ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് റിക്കവറികൾ എന്നിവ കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കുന്നുണ്ട്.

4)പിരിച്ചെടുക്കുന്ന തുക അടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ അടവാക്കി വരുന്നുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

5)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പടെ ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)പഞ്ചായത്ത് ഭരണസമിതി തൻവർഷം 28 യോഗങ്ങൾ ചേർന്നിട്ടുണ്ട്.സ്റ്റാന്റിങ്ങ് കമ്മിറ്റികൾ 13തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും ഏപ്രിൽ, മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ , ഒക്ടോബർ, ഫെബ്രുവരി,മാർച്ച്,എന്നീ മാസങ്ങളിൽ 10 -ാം തിയ്യതിക്ക് ശേഷമാണ് മാസാന്ത്യ കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്.

7)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ഫോം നം.7Aമാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്.

8) തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിലെ എണ്ണം പരിശോധിച്ച് ആധികാരികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9)ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ അതാത് സെക്ഷനുകളിലേക്ക് കൈമാറുന്നുണ്ടെങ്കിലും ബന്ധപ്പെട്ട സെക്ഷനുകൾ തൻപതിവേടിൽ കിട്ടിയ തിയ്യതിയും തപാലിന്റെ വിവരവും മാത്രമാണ് ചേർക്കുന്നത്. തുടർനടപടികളുടെ വിവരം, തപാൽ തീർപ്പായതിന്റെ വിവരം എന്നിവ ഒരു സെക്ഷനും

ചേർക്കുന്നില്ല. പ്രതിമാസ സംഗ്രഹം തയ്യാറാക്കുന്നില്ല. മേലുദ്യോഗസ്ഥർ ആരും തന്നെ തൻപതിവേട് പരിശോധിച്ച് തീർപ്പാക്കാൻ അവശേഷിക്കുന്നവയിൽ തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നില്ല. ആയതിനാൽ തന്നെ സമയബന്ധിതമായി തപാലുകൾ തീർപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2018-19.09.2018 | 01.08.2018 മുതൽ 31.08.2018 വരെ | 19.09.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2016 മുതൽ 29.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.11.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
2. 2011 ലെ കേരള പഞ്ചാത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65(എ), (ഇ), എന്നിവ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
3.നിർവ്വഹണോദ്യോഗസ്ഥരാരും തന്നെ നിർദ്ദിഷ്ട മാതൃകയിൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് - പൊതു അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ , എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് കാലികമാക്കേണ്ടതുമാണ്.

2. ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2017-18 വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെയാണെന്ന് വ്യക്തമാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ടിപ്പ് ടോപ്പ് ഫർണിച്ചർ മാർട്ട്, ചാപ്പനങ്ങാടി ബ്രാഞ്ച് |

| | |
|---|---|
| 2 | ടിപ്പ് ടോപ്പ് ഫർണിച്ചർ ഇൻഡസ്ട്രീസ് |
| 3 | ടിപ്പ് ടോപ്പ് ഫർണിച്ചർ (പ്രൈ) ലിമിറ്റഡ്, ചാപ്പനങ്ങാടി |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/27.10.2018) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ വർഷം മുതൽ നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയത്. പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല . ഇത്തരം സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - പൊതു അപാകതകൾ

പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, വകുപ്പ് 204 ).

1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നുണ്ടെങ്കിലും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി അടവാക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 47 | ടെഫ്രോ ഫർണിച്ചർ | 4 |
| 2 | 24 | മന്തി ഹട്ട്-ഹോട്ടൽ | 5 |
| 3 | 56 | സുഹ്റ സോ മിൽ | 4 |
| 4 | 165 | PKH woods And Furniture | 3 |
| 5 | 180 | D3 interiors | 4 |
| 6 | 197 | Kottakkal gas agencies | 4 |
| 7 | 235 | ഡെക്കേഴ്സ് മെഡിസിറ്റി | 3 |
| 8 | 229 | ഡിസൈനർ ഫർണിച്ചർ | 4 |
| 9 | 226 | കടായിക്കൽ ഇൻഡസ്ട്രീസ് | 3 |

| | | | |
|---|---|---|---|
| 10 | 222 | സോൾമേറ്റ് ബാഗ്സ് | 5 |
| 11 | 206 | തോപ്പിൽ സ്ട്രാപ്പ്സ് | 3 |
| 12 | 200 | മന്തി ഹട്ട് | 6 |
| 13 | 93 | ഹസ്ബി വുഡൺ ഫർണിച്ചർ | 2 |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(03/27.10.2018) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. മേൽ നടപടി വിവരം അറിയിക്കേണ്ടതാണ്.

2. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഈടാക്കുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷ റിപ്പോർട്ടിൽ ഖ 2-1 ൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതു വരെ റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയിട്ടും വിശദീകരണം ലഭ്യമാക്കിയില്ല. നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 നികുതി നിർണ്ണയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടമുണ്ടാവണം

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ കെട്ടിട ഉടമകൾ വ്യക്തമായ കാരണങ്ങൾ ഉന്നയിക്കാതെയും പ്രത്യേകമായ നമ്പറുകൾ നൽകി നികുതി നിർണ്ണയിക്കുന്നതായി കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ :30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

200ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 70/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ തിരിച്ച ഷോപ്പ് റൂമുകളടങ്ങിയ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിരിക്കുന്നതും മേൽ നിരക്കുകൾ പ്രകാരമാണ്. എന്നാൽ

പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ 64 F, 64 G എന്നീ കെട്ടിട നമ്പറുകളുള്ള ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത് . ടി കെട്ടിടം 17.10.2016 ൽ 13/64 Fഎന്ന നമ്പറിട്ട് നികുതി അസ്സസ്സ് ചെയ്ത ശ്രീ മുസ്തഫ പൂവല്ലൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടമാണ്. 14.08.2017 ന് ടിയാന്റെ അപേക്ഷ പ്രകാരം 173.11m2 ഉള്ള 13/64 F എന്ന കെട്ടിടത്തിനെ 97.37m2, 75.73m2 എന്നീ വിസ്തീർണ്ണത്തിൽ 13/ 64 F, 64 G എന്നിങ്ങനെ രണ്ടു നമ്പറുകൾ നൽകി 21.12.2017 ന് അടിസ്ഥാന നികുതി നിരക്ക് 30/- രൂപയാക്കി കുറച്ച് പുനർ നിർണ്ണയിച്ചു. വ്യത്യസ്ത നമ്പറുകൾ നൽകുന്നതിന് നികുതിയുടെ നിരക്ക് കുറച്ചത് ക്രമപ്രകാരമല്ല. മേൽ നടപടി പ്രകാരം നികുതി നിർണ്ണയിച്ചതിൽ പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ 2017-18 ൽ നമ്പർ നൽകിയ ചില വാണിജ്യ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിച്ചതിൽ ഇപ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

<u>അടിസ്ഥാന നികുതി നിരക്ക് 30/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം</u>

| കെട്ടിട നമ്പർ | കെട്ടിട ഉടമ | തറ വിസ്തീർണ്ണം(m2) | അടിസ്ഥാന നികുതി | വർദ്ധന. | ഇളവ് | നിർണ്ണയിച്ച നികുതി | ഗ്രന്ഥ ശാലാ വരി | ആകെ |
|---|---|---|---|---|---|---|---|---|
| 14/64 F | ശ്രീ മുസ്തഫ പൂവല്ലൂർ | 97.37 | 2921.1 | @ 20% 584.22 | @5% 175.26 | 3331 | 167 | 3498 |
| 14/64 G | | 75.73 | 2272.9 | @ 20% 454.38 | @5% 136.31 | 2590 | 130 | 2720 |
| 9/326A | അബ്ദുള്ള കാട്ടിക്കുളങ്ങര | 20.884 | 626.52 | - | @10% 62.652 | 564 | 29 | 593 |
| 9/326B | | 62.656 | 1879.68 | - | @ 10% 187.96 | 1692 | 85 | 1777 |
| 9/326C | | 35.56 | 1066.8 | - | @10% 106.68 | 961 | 49 | 1010 |
| 9/326D | | 23.27 | 698.1 | - | @10% 69.81 | 629 | 32 | 661 |
| 9/326E | | 23.28 | 698.4 | - | @10% 69.84 | 629 | 32 | 661 |
| 9/326F | | 52.86 | 1585.8 | - | @10% 158.58 | 1428 | 72 | 1500 |
| 9/326G | | 53.56 | 1606.8 | - | @10% 160.68 | 1607 | 81 | 1688 |
| 8/352A | പ്രസിഡന്റ് മുനീറുൽ ഇസ്ലാം മദ്രസ്സ | 24.455 | 733.65 | @20% 146.73 | @10% 73.37 | 808 | 41 | 849 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8/352B | | 60.745 | 1822.35 | @20% 364.47 | @10% 182.24 | 2005 | 101 | 2106 |
| 8/352C | | 28.77 | 863.1 | @20% 172.62 | @10% 86.31 | 950 | 48 | 998 |
| 8/352D | | 65.09 | 1952.7 | @20% 390.54 | @10% 195.27 | 1059 | 53 | 1112 |
| 6/343F | ചെറുകാട്ടിൽ മജീദ് | 29.09 | 872.7 | @20% 174.54 | - | 1048 | 53 | 1101 |
| 6/343G | | 73.33 | 2199.9 | @20% 439.98 | - | 2640 | 132 | 2772 |
| 6/343 H | | 48.59 | 1457.7 | @20% 291.54 | - | 1750 | 88 | 1838 |
| 6/343I | | 51.35 | 1540.5 | @20% 308.1 | - | 1849 | 93 | 1942 |
| ആകെ | | 826.59 | 24798.7 | | | 25540 | 1286 | 26826 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | തറ വിസ്തീർണ്ണം (m2) | അടിസ്ഥാന നികുതി | വർദ്ധന. | ഇളവ് | നിർണ്ണയിക്കേണ്ട നികുതി | ഗ്രന്ഥശാലാ വരി | ആകെ |
|---|---|---|---|---|---|---|---|---|
| 14/64 F | ശ്രീ മുസ്തഫ പൂവല്ലൂർ | 97.37 | 4868.5 | 973.7 | 243.4 | 5599 | 280 | 5879 |
| 14/64 G | | 75.73 | 3786.5 | 757.3 | 189.32 | 4355 | 218 | 4573 |
| 9/326A | അബ്ദുള്ള കാട്ടിക്കളങ്ങര | 20.884 | 1044.2 | - | 104.42 | 940 | 47 | 987 |
| 9/326B | | 62.656 | 3132.8 | - | 313.28 | 2820 | 141 | 2961 |
| 9/326C | | 35.56 | 1778 | - | 177.8 | 1601 | 81 | 1682 |
| 9/326D | | 23.27 | 1163.5 | - | 116.35 | 1048 | 53 | 1101 |
| 9/326E | | 23.28 | 1164 | - | 116.4 | 1048 | 53 | 1101 |
| 9/326F | | 52.86 | 2643 | - | 264.3 | 2379 | 119 | 2498 |
| 9/326G | | 53.56 | 2678 | - | 267.8 | 2411 | 121 | 2532 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8/352A | പ്രസിഡന്റ് മുനീറുൽ ഇസ്ലാം മദ്രസ്സ | 24.455 | 1222.75 | 244.55 | 122.28 | 1346 | 68 | 1414 |
| 8/352B | | 60.745 | 3037.25 | 607.45 | 303.73 | 3341 | 168 | 3509 |
| 8/352C | | 28.77 | 1438.5 | 287.7 | 143.85 | 1583 | 80 | 1663 |
| 8/352D | | 65.09 | 3254.5 | 650.9 | 325.45 | 3580 | 179 | 3759 |
| 6/343F | ചെറുകാട്ടിൽ മജീദ് | 29.09 | 1454.5 | 290.9 | 0 | 1746 | 88 | 1834 |
| 6/343G | | 73.33 | 3666.5 | 733.3 | 0 | 4400 | 220 | 4620 |
| 6/343 H | | 48.59 | 2429.5 | 485.9 | 0 | 2916 | 146 | 3062 |
| 6/343I | | 51.35 | 2567.5 | 513.5 | 0 | 3081 | 155 | 3236 |
| ആകെ | | 826.59 | 41329.5 | | | 44194 | 2217 | 46411 |

അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും കുറവു വന്ന കുടിശ്ശിക തുക ഈടാക്കേണ്ടതുമാണ്. തനത് ഫണ്ട് ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും നികുതിചോർച്ച തടയുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഫലപ്രദമായ മേൽനോട്ടമുണ്ടാവേണ്ടതാണ്.

## 2-4 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെട്ടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിടത്തിന്റെ തരം പാർപ്പിടാവശ്യത്തിനാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.

| ക്ര.നം | വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് ഒ രജിസ്റ്ററിലെ ക്ര.നം | ഉപയോഗം /കടയുടെ പേര് | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | 8/387 | 37 | കെ കെ ബി എന്റർപ്രൈസസ് | 50ച മീ | പാർപ്പിടാവശ്യം |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/ 27.10.2018) സഞ്ചയ പ്യൂരിഫിക്കേഷൻ സമയത്ത് തിരുത്തൽ വരുത്തി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുഴൽ കിണർ നിർമ്മാണത്തിനായി തുക നിക്ഷേപിച്ചത്

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള സൗകര്യമൊരുക്കാനായി ജില്ലാ ഭൂജലവകുപ്പ് ഓഫീസിലെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുഴൽകിണർ നിർമ്മാണത്തിനായി വാർഷിക

പദ്ധതിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നുണ്ട്. ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കാണിച്ച പ്രകാരം ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ പദ്ധതി തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് വിവരം | തുക |
|---|---|---|
| 1 | 174/18:നാറ്റുപെട്ടി കുഴൽ കിണർ | വൗച്ചർ :40/25.1.18, 35050രൂപ |
| 2 | 226/18:കൊന്നോത്തു കുഴൽ കിണർ | വൗച്ചർ :41/25.1.18, 35950രൂപ |
| 3 | 252/18:കാട്ടുങ്ങൽ ചോല അംഗനവാടി | വൗച്ചർ :42/25.1.18 29840രൂപ |
| 4 | 145/18:വട്ടപ്പറമ്പ് മിച്ചഭൂമി കുഴൽ കിണർ | വൗച്ചർ :44/25.1.18 38960രൂപ |
| 5 | 21/18:ചാപ്പനങ്ങാടി രണ്ടാം അംഗനവാടി കുഴൽ കിണർ | വൗച്ചർ :43/25.1.18 42460രൂപ |
| | ആകെ | 182260 |

ക്രമനമ്പർ ഒന്നിൽ നാറ്റുപെട്ടി എസ് സി കോളനി കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ് കുഴൽ കിണർ നിർമ്മിക്കുന്നതെന്ന് പ്രോജക്ട് രേഖയിൽ വ്യക്തമാക്കുന്നുണ്ട്. മറ്റുള്ള പ്രോജക്ടുകളിലും കുടിവെള്ള വിതരണ പദ്ധതികളുടെ ആദ്യ നടപടിയായാണ് കുഴൽ കിണറുകൾ സ്ഥാപിക്കാൻ തുക നിക്ഷേപിച്ചത്. ഇത് സംബന്ധിച്ച് രേഖാമൂലം നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയനുസരിച്ച് നാല് പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും പ്രോജക്ട് നമ്പർ 226/18 പൂർത്തിയാക്കിയിട്ടില്ലായെന്നും വിശദീകരിച്ചു. കുഴൽ കിണറുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കും വരെ നിക്ഷേപ തുക 182260 രൂപ തടസ്സം ചെയ്യുന്നു. ഇതോടൊപ്പം കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളും വ്യക്തമാക്കേണ്ടതാണ്.

## **3-2** വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ മേൽനോട്ടം ശക്തിപ്പെടുത്തേണ്ടതാണ്.

1.ഗ്രാമസഭാ വികസന സെമിനാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പരിഗണിച്ചെന്ന് ഉറപ്പ് വരുത്തുക.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം പരിശോധിച്ചതിൽ 2017-18വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് 28.02.2017 ന് യോഗം ചേർന്ന് 18 വാർഡുകളിലേക്കുമുള്ള പ്രവൃത്തികളുടെ കരട് പ്രോജക്ടുകൾ നിർദ്ദേശിക്കുന്നുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമാക്കുന്ന അവസ്ഥാ വിശകലനവും മേഖലയിലെ പ്രശ്നപരിഹാര നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കുന്നത് 06.04.2017 ന് ചേർന്ന യോഗത്തിലാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചുവെന്ന് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ വ്യക്തമാകുന്നില്ല. ആയതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാണ് പ്രോജക്ടുകൾ രൂപീകരിച്ചതെന്ന് ഉറപ്പ് വരുത്താനാവുന്നില്ല. ഇതോടൊപ്പം

ഗ്രാമസഭകളിൽ നടക്കുന്ന ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ അവിടെ അവതരിപ്പിക്കപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്നും മുൻഗണന നിശ്ചയിച്ചവയിൽ നിന്നും വികസന സെമിനാറിന്റെ പരിഗണനക്കായി സമർപ്പിക്കാനുള്ളതിന്റെ വിവരം വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് ആശയങ്ങൾ രൂപീകരിക്കേണ്ടത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വരുന്നത് ഗ്രാമസഭ – വികസന സെമിനാർ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നവയുമാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതോടൊപ്പം ബന്ധപ്പെട്ട എല്ലാ സമിതികളുടേയും മിനിട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതിരിക്കുക, ഭാഗികമായി മാത്രം രേഖപ്പെടുത്തുക, നിർദ്ദേശങ്ങളുടെ പൂർണ്ണമായ പരിശോധന നടക്കാതിരിക്കുക തുടങ്ങിയ പ്രവണതകൾ കർശനമായും ഒഴിവാക്കാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സമയോചിതമായ ഇടപെടലും മേൽനോട്ടവുമുണ്ടാവേണ്ടതാണ്.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം നടപ്പിലാക്കുക

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കാനുള്ള 13ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശവും നടപ്പിലാക്കാനായില്ല. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതായിരുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നമ്പർ സർക്കുലറിലെ നിർദ്ദേശവും നടപ്പ് വാർഷിക പദ്ധതിയിലും നടപ്പിലാക്കാനായില്ല.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി വിവരം രജിസ്റ്ററിൽ അപ്ഡേറ്റിംഗ് നടത്താത്ത സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശങ്ങളും നടപ്പിലാക്കാനാവുന്നില്ല.

പൊതുമരാമത്തുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ അന്തിമ പദ്ധതി രേഖയിൽ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുക, പഞ്ചായത്തിന്റെ റോഡ് മാപ്പ് തയ്യാറാക്കുക എന്നിങ്ങനെ പ്രശ്ന പരിഹാര സാധ്യതകളായി നിർദ്ദേശങ്ങളുണ്ടായിട്ടും വാർഷിക പദ്ധതിയിൽ പ്രോജക്ടായി ഉൾപ്പെടുത്താനായില്ല. വാർഷിക പദ്ധതിയിൽ 128/18 നമ്പറായി 4.9 ലക്ഷം രൂപ അടങ്കലിൽ ഉൾപ്പെടുത്തിയ കുരിയാട് കൊക്കരണി റോഡ് റീടാറിംഗ് പ്രവൃത്തി കരാർ വെച്ച ശേഷമാണ് എം എൽ എ ഫണ്ട് അനുവദിച്ചതെന്ന കാരണത്താൽ പുതുക്കേണ്ട സാഹചര്യമുണ്ടായി. ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തിയ പ്രവൃത്തിയുടെ റോഡ് പുനരുദ്ധാരണത്തിന് എം എൽ എ ഫണ്ട് അനുവദിച്ചിട്ടും അതേ പ്രവൃത്തിക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയത് കൃത്യമായൊരു റോഡ് ഭൂപടമാപ്പിന്റെ അഭാവമാണ് സൂചിപ്പിക്കുന്നത്. വാർഡ് തലത്തിൽ വിഭജിച്ച് 95 ൽ അധികം റോഡ് നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിൽ റോഡുകൾക്ക് കണക്ടിവിറ്റിയില്ലാതെ പാഴ്ചെലവാകാതിരിക്കാനും എം പി, എം എൽ എ ഫണ്ടുകൾ ചേർത്ത് സംയോജിത പദ്ധതികളുണ്ടാക്കാനും കണക്ടിവിറ്റി മാപ്പിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് ആയത് തയ്യാറാക്കാനുള്ള നിർദ്ദേശം സജീവമായി പരിഗണിക്കേണ്ടതുമാണ്.

## 3-3 മരുന്ന് മുഴുവൻ ലഭ്യമായില്ല .ചെലവ് തുക തടസ്സം ചെയ്യുന്നു.

2017-18 -ൽ പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം KMSCL -ന് തുക നല്കിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | പ്രോജെക്റ്റ് | നല്കിയ തുക | മരുന്ന് ലഭ്യമായത് | കുറവ് |
|---|---|---|---|---|
| 1 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (പ്രൊജക്റ്റ് നം.S001/2018) | 175000 ബിൽ നം.4/10.12.2017 | 86384 | 88616 |
| 2 | പരിരക്ഷ പദ്ധതിക്ക് മരുന്ന് (പ്രൊജക്റ്റ് നം.S001/2018) | 72000 ബിൽ നം.5/15.12.2017 80000(ബ്ളോക്ക് വിഹിതം) | 25237<br>21802 | 46763<br>58198 |

ആകെ 193577

മരുന്ന് മുഴുവൻ ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-4 ലോഗ് ബുക്ക് പരിശോധന-അപാകതകൾ

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ (KL 55 G 6666)ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ജി.ഒ (എം.എസ് ) 170/07 ത.സ്വ.ഭ.വ തി.30.06.2007 പ്രകാരം വാഹനത്തിന്റെ ഉപയോഗം ,സംരക്ഷണം എന്നിവയെ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.മേൽ ഉത്തരവിലെ നിർദ്ദേശങ്ങൽ മുഴുവനായും പാലിക്കുന്നതായി കാണുന്നില്ല.

1.പ്രതിമാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഹാൾട്ട് ചെയ്യുന്ന സമയം, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3.ആറു മാസത്തിലൊരിക്കൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിലെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനെ കൊണ്ട് നടത്തേണ്ടതാണെന്നിരിക്കെ ആയത് ചെയ്തതായി കാണുന്നില്ല.

4.ഫ്യുവൽ അക്കൗണ്ട് എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

5.വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച കാര്യങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

6.പെട്രോൾ/ഡീസൽ,ഓയിൽ ഓർഡർ ബുക്ക്, ഡി.സി.ബി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

## 3-5 സേവനപുസ്തകം പരിശോധന

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി) 75/07തി.27.2.2007 പ്രകാരം അനൂപ്.എൻ, സ്നേഹഎം.എസ്, ജോൺ കിരൺ പി.എ എന്നീ ജീവനക്കാരുടെ ആർജ്ജിതാവധി re cast ചെയ്തിട്ടില്ല.

2) ശ്രീ രതീഷ് കുമാർ PR -ന്റെ 2.9.16 ലെ strike, 30.1.18മുതൽ 8.2.18 വരെയുള്ള paternity leave എന്നിവ ആർജ്ജിതാവധിക്ക് കണക്കാക്കുന്ന ദിവസങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

3)ശ്രീമതി വത്സലാദേവി എം.എസ്-ന്റെ11.5.04 മുതൽ21.9.2004 വരെയുള്ള 135 ദിവസത്തെ maternity leave ആർജ്ജിതാവധിക്ക് കണക്കാക്കുന്ന ദിവസങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

- മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-6 പെൻഷൻ അംശദാനം അടവാക്കിയില്ല.

1. ശ്രീ. മുഹമ്മദ് ബഷീർ, ക്ലർക്കിന്റെ ശമ്പള കുടിശ്ശിക നൽകിയത്

വൗച്ചർ നം. 21700423/10.11.2017 . 82600/- രൂപ

02.08.10 മുതൽ 31.07.12 വരെയുള്ള ഹയർ ഗ്രേഡ് ശമ്പള നിർണ്ണയപ്രകാരം 63054/- രൂപയ്ക്ക് [ 333827-270773] ആനുപാതികമായ(15%) പെൻഷൻ അംശദാനം 9458/-രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

2.ശ്രീ രാഗേഷ് കുമാർ പി.ആർ.(ക്ലർക്ക്), ശ്രീ ശാഫി.പി.(ക്ലർക്ക്) എന്നിവരുടെ ശമ്പള കുടിശ്ശിക നൽകിയത്

വൗച്ചർ നം. 21700520/05.01.2018 . 20,312/- രൂപ

15.08.16 മുതൽ 30.06.17 വരെയുള്ള ശമ്പള കുടിശ്ശിക 5267/- രൂപ (238347-205400)ശ്രീ രാഗേഷ് കുമാർ പി.ആർ.ക്ലർക്കിനും 12,774/-രൂപ (366765-353990) ശ്രീ ശാഫി.പി.ക്ലർക്കിനും അനുവദിച്ചതിന് ആനുപാതികമായ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം 3608/-[ 527x2+1277x2] പിടിച്ച് അടവാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ 12/31.10.2018 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

## 3-7 ആദായ നികുതി- ഇളവ് നേടുന്നതിലെ അപാകതകൾ

എ) ഒറിജിനൽ രശീതി സമർപ്പിക്കാതെ ട്യൂഷൻ ഫീ ഇളവ് നേടി

1.ശ്രീമതി വത്സലാ ദേവി, അക്കൗണ്ടന്റ്

കോട്ടക്കൽ വിദ്യാഭവൻ വിദ്യാർത്ഥിനിയായ മകൾ എൻ.ശ്രുതിയുടെ ട്യൂഷൻ ഫീ 16200/-രൂപ അടവാക്കിയിട്ടുണ്ടെന്ന ഹെഡ് മാസ്റ്ററുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

2.ശ്രീ.ഷമീം.എൻ.എ.,സീനിയർ ക്ലർക്ക് .

അൻസാർ ഇംഗ്ലീഷ് സ്കൂൾ വിദ്യാർത്ഥികളായ ഹാദിൻ ഷമീം (9900/-),ഷാദിൻ ഷമീം(8500/-)എന്നിവരുടെ ട്യൂഷൻ ഫീ അടവാക്കിയിട്ടുണ്ടെന്ന ഹെഡ് മാസ്റ്ററുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

ബി)ട്യൂഷൻ ഫീ അല്ലാത്ത ഫീസുകൾക്കും സംഭാവനകൾക്കും ഇളവ് നേടി

1.ശ്രീ.അഷ് റഫ്.പി.കെ. ക്ലർക്ക്

മജ് ലിസ് ആർട്സ്&സയൻസ് കോളേജ് വിദ്യാർത്ഥിനി ഷഹാന ഷെമിനിന്റെ ട്യൂഷൻ ഫീ 2321/23.8.17 രശീതി പ്രകാരം 14100/- അടവാക്കിയതിനോടൊപ്പം മറ്റിനങ്ങളിലായി 5900/-രൂപ ഒടുക്കിയതും PMSA ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിയായ മുഹമ്മദ് ഷഹീനിന്റെ അഡ്മിഷൻ ഫീ,പി.ടി.എ ഫണ്ട്, പി.ടി.എ പി.ടി.എ മെമ്പർഷിപ്പ് എന്നിവയ്ക്ക് നൽകിയ തുകകളും ഇളവിന് ഉപയുക്തമാക്കിയിട്ടുണ്ട്.

ഒറിജിനൽ രശീതി സമർപ്പിക്കാതെയും ട്യൂഷൻ ഫീ അല്ലാത്ത ഫീസുകൾക്കും സംഭാവനകൾക്കും ആദായ നികുതി ഇളവ് നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ 09/31.10.2018 നം.ഓഡിറ്റ് എൻക്വയറിക്ക് ക്രമ പ്രകാരമുള്ള രേഖകൾ സമർപ്പിക്കപെട്ടതിന് ശേഷം മാത്രം ഇളവ് അനുവദിക്കുന്നതിന് തുടർന്ന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ആദായ നികുതി ചട്ടങ്ങൾ പ്രകാരം മാത്രം ഇളവുകൾ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ആസ്തികൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് ആസ്തിയിൽപ്പെടുന്ന കുഴൽ കിണറിന്റെ ഹാൻഡ് പമ്പ് അഴിച്ച് മാറ്റിയതുമായി ബന്ധപ്പെട്ടും പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചും ഭരണ സമിതിയോഗങ്ങളിൽ ചർച്ച വന്നതിനെ തുടർന്ന് അന്വേഷിച്ച് തുടർനടപടി സ്വീകരിക്കാനായി റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തുന്നുണ്ട്. ഭരണ സമിതിയുടെ 22.11.2017 (10) നമ്പർ തീരുമാന പ്രകാരം കുഴൽ കിണറിന്റെ ഹാന്റ് പമ്പ് അഴിച്ച് മാറ്റി പകരം മോട്ടോർ സ്ഥാപിച്ച് കൊണ്ട് ശ്രീ.കോയിമ ഇബ്രാഹിം എന്നയാൾ വെള്ളം ഉപയോഗിച്ച് വരുന്നുവെന്ന പരിസരവാസികളുടെ പരാതിയിൽ പരാതിക്കാരേയും എതിർകക്ഷികളേയും നേരിട്ട് കേട്ട് റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ തീരുമാനിക്കുന്നുണ്ട്. ഈ തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടി ആവശ്യപ്പെട്ടതിൽ കുടിവെള്ള പദ്ധതിയുടെ കാര്യക്ഷമമായ തുടർപ്രവർത്തനത്തിന് പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുണ്ടെന്നും കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിൽ നടപ്പിലാക്കുമെന്നതിന് നടപടിയുണ്ടാവുമെന്നും പഞ്ചായത്തിൽ നിന്നും രേഖാമൂലം വിശദീകരണം ലഭിച്ചു.

ഇതേപ്പോലെ ഭരണ സമിതിയുടെ 31.01.2018 (1) നമ്പറിൽ 8,6 വാർഡുകളുടെ അതിർത്തിയായ നെലോളിപറമ്പ് പ്രദേശത്തെ കുരിക്കൾ കുളമ്പ് റോഡിന് സമീപത്തായി 8ാം വാർഡിൽ കുറച്ച് പുറമ്പോക്ക് ഭൂമിയുള്ളതായി പരിസരവാസികൾ അറിയിച്ചതിനെ തുടർന്ന് ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതു ഉപയോഗമായ അങ്കൻവാടി ,പകൽവീട്,വായനശാല എന്നിവക്കായി ഉപയോഗിക്കാൻ ഭൂമി സർവ്വെ ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിക്കുന്നുണ്ട്. പുറമ്പോക്ക് സ്ഥലം സംബന്ധിച്ച് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുമെന്നും വിശദീകരിച്ചു.

മേൽ കാണിച്ച പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൻമേലുണ്ടാകുന്ന തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ത്രീ ഫേസ് ലൈൻ വലിക്കൽ , അപകടകരമായ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ എന്നിവക്കായി താഴെ പറയുന്ന തുകകൾ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നവ ലഭ്യമായിട്ടില്ല.

| പ്രവൃത്തിയുടെ പേര്<br>(പ്രോജക്ട് നമ്പർ) | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | തുക | ഫണ്ട്. |
|---|---|---|---|
| മുട്ടിപ്പാലം അയനിക്കുണ്ടൻ കുളമ്പ് ഭാഗത്ത് ത്രീ ഫേസ് ലൈൻ വലിക്കൽ<br>പ്രോജക്ട് നമ്പർ – 283/18 | ബിൽ നം.<br>106/28-11-2017 | 101351 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അപകടകരമായ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ<br>പ്രോജക്ട് നമ്പർ – 302/18 | 253/13-03-2018 | 18,645 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | 289/19-03-2018 | 13,745 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | 1,33,741 | |

പ്രവൃത്തി പൂർത്തീകരിച്ച വിവരം പ്രഥമ മറുപടിയിൽ (റക്ടിഫിക്കേഷൻ റിപ്പോർട്ട്) ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്പഞ്ചായത്ത് | 2,55,000 | 38/18- നെൽകൃഷി വികസനം | 2,55,000 | 0 |
| | 2,00,000 | 43/18 – ഭിന്നശേഷി സ്കോളർഷിപ്പ് | 2,00,000 | 0 |
| | 42,000 | 138/18 -പച്ചക്കറി വികസനം | 42,000 | 0 |
| | 1,50,000 | 4/18 -പരിരക്ഷ പാലിയേറ്റീവ് പദ്ധതി | 1,50,000 | 0 |
| | 1,00,000 | 155/18 – പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2,55,000 | 38/18 – നെൽകൃഷി വികസനം | 2,55,000 | 0 |
| ജില്ലാപഞ്ചായത്ത് | 4,62,250 | 43/18 – ഭിന്നശേഷി സ്കോളർഷിപ്പ് | 4,62,250 | 0 |
| ആകെ | 14,64,250 | | 14,64,250 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | 5ാം വാർഡിൽ പോസ്റ്റ്സ്ഥാപിക്കലും ലൈൻ നീട്ടലും | 21700664 തിയ്യതി:14/08/17 | 199996 | 199996 | പൂർത്തീകരിച്ച | 0 |
| കെഎസ്ഇബി | 6ാം വാർഡിൽ ത്രീ ഫേസ് ലൈൻ വലിക്കൽ | 21700665 തിയ്യതി:14/08/17 | 182913 | 182913 | പൂർത്തീകരിച്ച | 0 |
| കെഎസ്ഇബി | മുട്ടിപ്പാലം അയനിക്കുണ്ടൻ കുളമ്പ് ഭാഗത്ത് ത്രീ ഫേസ് ലൈൻ വലിക്കൽ | ബിൽ നം. 106/28-11-2017 | 101351 | ഇല്ല | ഇല്ല | 101351 |
| കെഎസ്ഇബി | അപകടകരമായ വൈദ്യുതി ലൈൻ മാറ്റൽ | ബിൽ നം. 253/13-03-2018 289/19-03-2018 | 32390 | ഇല്ല | ഇല്ല | 32390 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1998-99 | 48 | 2002-03 | Vii 10(8-1) | പണി പൂർത്തീകരിയ്ക്കാത്തതു സംബന്ധിച്ച് | നടപടി തുടർന്ന് വരുന്നു |
| 1999-00 | 56 | 2003-04 | 3.10.9 | തേമ്പറമ്പ് ശുദ്ധജല പദ്ധതയിൽ ക്രമക്കേടുകൾ | |
| 1999-00 | 57 | 2003-04 | പൊതു പരാമർശം | വനിതാ വ്യവസായ യൂണിറ്റ് | |
| 2011-12,12-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തി | |
| 2014-15 | 2-1,2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടിതുടരുന്നു. |
| 2015-16 | 2-6,2-7,2-8,2-9 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടിതുടരുന്നു. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1998-99 | 49(4), 49(5) | ശ്രീ ബദറുദ്ദീൻ | LF 16429/ Spl.cell/ SC5/06 10.6.08/ 21.6.08 | 20471/- | 20471 Rt No: 8021/ 60/19 .2.11) | -- | -- | -- | 20471 | 0 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | 1999-2000 | 56 | ശ്രീ ബദറുദ്ദീൻ | LF 20104/ Spl.cell/ SC5/05 17.8.09/ 19.8.00 | 280824 | | -- | -- | -- | 0 | 259653 (തുക 259653 എന്ന കാണന്ന ) |
| 3 | 2008-09 | 3-9 | ശ്രീ. സുൾഫിക്കർ. എൻ അസി എഞ്ചിനീയർ | LF 23905/ Spl.cell/ SCD1/11 19.10.12 | 4981 | 4981 Rt 112011024 18/30.1.13) | | | | 4981/- | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 8,22,86,674 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,07,17,369 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,75,837 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,82,260 | ശ്രീമതി നവ്യ എ പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 1,93,577 | ഡോ. നിഗാർ കാസിം, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-9 | 1,33,741 | ശ്രീ.മുഹമ്മദ് ഷൗക്കത്ത് ടി, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 3,75,837 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽഎഫ്എം10/36 /88തിയ്യതി07.10.2010 | 3 |
| 1987-88<br>1988-89 | എൽ എഫ് എം10/1448/95 തിയ്യതി07.10.2010 | 5 |
| 1989-90<br>90-91 | എൽ എഫ് എം14/503/02തിയ്യതി 07.10.2010 | 9 |
| 1992-93<br>93-94 | എൽ എഫ് എം7/579/96തിയ്യതി 07.10.2010 | 7 |
| 1994-95<br>95-96 | എൽ എഫ് എം14/506/02തിയ്യതി 07.10.2010 | 15 |
| 1996-97 | എൽ എഫ് എം14/1199/02(1)7.10.10 | 15 |
| 1997-98 | എൽ എഫ് എം14/1199/02(2)തിയ്യതി 07.10.2010 | 18 |
| 1998-99 | എൽ എഫ് എം17/789/05തിയ്യതി 07.10.2010 | 35 |
| 1999-00 | എൽ എഫ് എം17/785/05തിയ്യതി 07.10.2010 | 55 |

| | | |
|---|---|---|
| 2000-01 | എൽ എഫ് എം8/257/07/07710.10 | 36 |
| 2001-02 | എൽ എഫ് എം8/1404/07തിയ്യതി 07.10.2010 | 14 |
| 2002-03 | എൽ എഫ് എം8/1405/07തിയ്യതി 07.10.2010 | 19 |
| 2003-04 | എൽ എഫ് എം8/1406/07തിയ്യതി 07.10.2010 | 14 |
| 2004-05 | എൽ എഫ് എം8/1407/07തിയ്യതി 07.10.2010 | 18 |
| 2005-06 | എൽ എഫ് എം8/1408/07തിയ്യതി 07.10.2010 | 9 |
| 2006-07 | എൽ എഫ് എം10/1291/0830.9.08 | 4 |
| 2007-08 | കെ എസ് എ എം പി എം 11/2474/15 തിയ്യതി28.11.2015 | 7 |
| 2008-09 | എൽ എഫ് എം 10/2050/1019.1.11/27.04.2011 | 11 |
| 2009-10<br>2010-11 | എൽ എഫ് എം11/776/1309.09.2013 | 24 |
| 2011-12<br>2012-13 | കെ എസ് എ എം പി എം11/694/15 തിയ്യതി 05.02.2016 | 8 |
| 2013-14<br>2014-15 | കെ എസ് എ എം പി എം 16/2080/2017 തിയ്യതി 23.12.2017 | 25 |
| 2015-16 | കെ എസ് എ എം പി എം/26/3272/16 തിയ്യതി17.02.2018 | 21 |
| 2016-17 | കെ എസ് എ എം പി എം 16/1738/17 തിയ്യതി 07.05.2018 | 9 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.16/1276/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി: 04-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകപ്പ് ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങളിലെ ചട്ടം 64

എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 25-05-2018ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം